**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2167** **21-06-2024 - ൽ മറുപടിയ്ക്ക്**

**പേരാവൂർ താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ പേരാവൂർ താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം നിർത്തലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അത്തരം തീരുമാനങ്ങൾക്കെതിരെയുള്ള ജനവികാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ശക്തിപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ? | (എ) | കണ്ണൂർ ജില്ലയിലെ പേരാവൂർ താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടില്ല. 53.77 കോടി രൂപ ചെലവിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ആയതിൽ ലേബർ റൂം, എമർജൻസി ഓപ്പറേഷൻ തിയേറ്റർ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ കെട്ടിടത്തിൽ ആശുപത്രി പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് ഗൈനക്കോളജി വിഭാഗം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ